# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *260** — **07.02.2018-ൽ മറുപടിയ്ക്ക്**

## നഗരപാത നവീകരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി**<br>**ഡോ.എം.കെ.മുനീർ**<br>**ശ്രീ.കെ.എൻ.എ ഖാദർ**<br>**,, പി.ബി.അബ്ദുൽ റസ്സാക്ക്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നഗരപാത നവീകരണ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; | (ബി) പൊതു സ്വകാര്യ പങ്കാളിത്തത്തോടു കൂടി കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കുന്ന നഗര റോഡു വികസന പദ്ധതികളിൽ ഉന്നത ഗുണനില വാരമുള്ള റോഡുകൾ, ഇരുവശങ്ങളിലും കോൺക്രീറ്റ് ഓടകൾ, വാഹന യാത്രക്കാരുടെയും, കാൽനടയാത്രക്കാരുടെയും സുരക്ഷ മുൻനിറുത്തിയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഉന്നത നിലവാരത്തിലുള്ള തെരുവ് വിളക്കുകൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, കാൽനടയാത്രക്കാർക്ക് സുരക്ഷയും സൗകര്യ പ്രദവുമായ ടൈൽ പാകിയ നടപ്പാതകൾ, സൗന്ദര്യ വൽക്കരണത്തിന്റെ ഭാഗമായി പുൽത്തകിടിയും പൂമേട്ടുകളും, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് |

പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

**(സി)** പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**(സി)** കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത ആദ്യ പദ്ധതിയായ തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയുടെ 42.537 കി.മീ. റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ 6 റോഡുകൾ ചേർന്നുള്ള 22.251 കി.മീ. നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ചു. ആലപ്പുഴ നഗര റോഡു വികസന പദ്ധതിയുടെ ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. കണ്ണൂർ നഗര റോഡു വികസന പദ്ധതിക്കാവശ്യമായ ഭരണാനുമതി നൽകി. കൊല്ലം, കോട്ടയം, മലപ്പുറം നഗര റോഡു വികസന പദ്ധതികളുടെ വിശദമായ പ്രൊജക്ട് റിപ്പോർട്ട് പരിഗണനയിലാണ്. കൂടാതെ കാസർഗോഡ്, കൽപ്പറ്റ, മൂന്നാർ, പത്തനംതിട്ട, പയ്യന്നൂർ, മാനന്തവാടി എന്നീ നഗരങ്ങളിൽ കൂടി നഗര റോഡു വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കോഴിക്കാട് നഗര റോഡു വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിനുള്ള വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നാറ്റ്പാകിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ